## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1615 — 11.2.2013-ൽ മറുപടിക്ക്

### ശുചിത്വവർഷം പ്രോജക്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കെ. സദാശിവൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, സി. കൃഷ്ണൻ<br>,, ബി. സത്യൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ശുചിത്വ വർഷം പ്രോജക്ടിന്റെ ഭാഗമായി ആസൂത്രണം ചെയ്ത പദ്ധതികൾ വിശദമാക്കാമോ; | എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വെച്ചു കൊണ്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വകാമ്പയിൻ 2011 ഒക്ടോബർ മാസം രണ്ട് മുതൽ ഒരു വർഷക്കാലത്തേക്ക് ഒരു ജനകീയ സംരംഭമായി സംഘടിപ്പിച്ചു. മാലിന്യ സംസ്ക്കരണ സംവിധാനം ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്തത് :-<br>• സംസ്ഥാനത്ത് കോർപ്പറേഷനുകളിലും മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണത്തിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ<br>• ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുമായി നടപടികൾ<br>• പൊതു സ്ഥലങ്ങളിൽ ഇ-ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ<br>• ബൃഹത്തായ ഐ.ഇ.സി. പ്രോഗ്രാമുകൾ<br>• സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും 30 മേജർ മുനിസിപ്പാലിറ്റികളിലും ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ (എൺവയോൺമെന്റൽ) തസ്തിക ഉണ്ടാക്കുന്നതിനുള്ള നടപടികൾ<br>• ഖരമാലിന്യ സംസ്കരണം സ്വമേധയാ നടപ്പാക്കുന്ന സ്വകാര്യ വ്യക്തികൾക്കുള്ള സബ്സിഡി നിരക്ക് വർദ്ധിപ്പിക്കൽ. അതുമായി ബന്ധപ്പെട്ട് നഗര |

| | | |
|---|---|---|
| | | പ്രദേശങ്ങളിലേക്കുള്ള ഫണ്ട് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ.<br>• ശുചിത്വ മിഷൻ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ. |
| ബി) | പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ബി) വിലയിരുത്തിയിട്ടുണ്ട്.<br>ശുചിത്വ വർഷം പ്രോജക്ടിന്റെ ഭാഗമായി നിശ്ചയിച്ചിരുന്ന പ്രകാരം സംസ്ഥാന/ജില്ലാതല ഉത്ഘാടനങ്ങളും, നിയമസഭ നിയോജക മണ്ഡലതല ഉത്ഘാടനങ്ങളും സംഘടിപ്പിച്ചു. സംസ്ഥാനത്താകെ ബൃഹത്തായ ഐ.ഇ.സി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുായി. വിശേഷാൽ ഗ്രാമ സഭകൾ/വാർഡ് സഭകൾ, കുടുംബശ്രീ മുഖേനയുള്ള വിവിധപ്രവർത്തനങ്ങൾ, അയൽക്കൂട്ട ആരോഗ്യദായക വോളന്റിയർ പരിശീലനം, ശുചിത്വ പ്രവർത്തനങ്ങൾ, കലാസാംസ്കാരിക പ്രതിഭകൾ, വ്യവസായ വ്യാപാര സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ, റേഡിയോ, റ്റി.വി സന്ദേശങ്ങൾ, വ്യക്തിഗത പരിസര ശുചിത്വ ബോധവത്കരണം – ക്ളാസുകൾ പരിശീലനങ്ങൾ, പ്രോജക്ടുകൾ, ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് സെമിനാറുകൾ, എക്സിബിഷനുകൾ, ടെക്നോളജി വർക്ക് ഷോപ്പുകൾ, സ്കൂൾ ശുചിത്വാരോഗ്യ പരിപാടികൾ, തൊഴിലുറപ്പു പദ്ധതി മെയ്റ്റുകൾക്കുള്ള പരിശീലനങ്ങൾ എന്നിങ്ങനെ വളരെ വിപുലമായ ഐ.ഇ.സി. പരിപാടികളാണ് സംഘടിപ്പിച്ചത്. |
| സി) | നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിനുള്ള സൗകര്യങ്ങൾ സാങ്കേതികമായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; | സി) & ഡി) പ്രഖ്യാപിച്ചിരുന്നു. ഇവ നടപ്പാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ 22 കോടി രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ ഇതുവരെ 6 കോടി 30 ലക്ഷം രൂപയും 28 നഗരസഭകൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. |
| ഡി) | എങ്കിൽ എത്ര നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഇവ നടപ്പാക്കുകയുണ്ടായി? | |

സെക്ഷൻ ഓഫീസർ